**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **12-12-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീമതി ദെലീമ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജീവിതശൈലീ രോഗ സർവെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള ആർദ്രം 2 ന്റെ കീഴിൽ സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ ഉള്ളവരെ ഭവനസന്ദർശനം നടത്തി ചികിത്സ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ സർവ്വെ നടന്നു വരുന്നു. ഇതിനു വേണ്ടി 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിൻ നടക്കുന്നുണ്ട്. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ആയ SHAILI App ഉപയോഗിച്ച് ആശ പ്രവർത്തകരാണ് എല്ലാ വീടുകളും സന്ദർശിച്ച് ഈ സർവ്വേ നടത്തി വരുന്നത്. സർവ്വേയുടെ വിശദാംശങ്ങൾ ആശുപത്രി തലത്തിലും ഒരു dash board-ലൂടെ തത്സമയം നിരീക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയുടെ പ്രതിവാര അവലോകനം ജില്ലാ തലത്തിലും, പ്രതിമാസ അവലോകനം സംസ്ഥാനതലത്തിലും നടപ്പിലാക്കി വരുന്നു. 09/12/2022 വരെ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സർവ്വേയ്ക്ക് വിധേയരായവർ: 5059952<br>രോഗസാധ്യത ഉള്ളവർ: 956671<br>കാൻസർ സ്ക്രീനിംഗിനായി റെഫർ ചെയ്തവർ: 325716<br>ക്ഷയരോഗലക്ഷണമുള്ളവർ: 42458<br>മറ്റ് ശ്വാസകോശരോഗങ്ങൾ ഉള്ളവർ: 159487<br>രക്താതിമർദ്ദം സ്ഥിരീകരിച്ചവർ: 544865<br>പ്രമേഹം സ്ഥിതീകരിച്ചവർ: 441373<br><br>ഓരോ ജില്ലയുടേയും സർവ്വേയിലുള്ള ദൈനംദിന പുരോഗതി ഇതിനോടൊപ്പം വിലയിരുത്തപ്പെടുന്നുണ്ട്. |
| (ബി) | ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനായി സർക്കാർ നടത്തുന്ന | (ബി) | ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിനായി നടത്തിവരുന്ന 'അമൃതം ആരോഗ്യം' പദ്ധതി, 'ശ്വാസ്' പദ്ധതി, കാൻസർ കെയർ പദ്ധതി, കാൻസർ ചികിത്സാ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ അവലോകനം ചെയ്യിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | പദ്ധതി, ഡയബറ്റിക് റെറ്റിനോപ്പതി, പക്ഷാഘാത ചികിത്സ പദ്ധതി തുടങ്ങിയ പദ്ധതികളുടെ അവലോകനം സംസ്ഥാനതലത്തിലും, കൃത്യമായ ഇടവേളകളിൽ ജില്ലാതലത്തിലും നടത്തപ്പെടാറുണ്ട്. സംസ്ഥാനതലത്തിൽ നോഡൽ ഓഫീസർമാരുടെ പ്രതിമാസ അവലോകനവും, ജില്ലാ മെഡിക്കൽ ഓഫീസർ പങ്കെടുക്കുന്ന സീനിയർ മെഡിക്കൽ ഓഫീസർ മീറ്റിങ്ങിലും ജീവിതശൈലി രോഗങ്ങളുടെ കൃത്യമായ അവലോകനം നടത്താറുണ്ട്. |
| (സി) | ജീവിതശൈലീ രോഗങ്ങൾ ഉള്ളവരിൽ സാധാരണയായി ഉണ്ടായേക്കാവുന്ന വൃക്ക രോഗ ചികിത്സക്കായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | ജീവിതശൈലിരോഗങ്ങൾ പ്രത്യേകിച്ച് പ്രമേഹവും രക്താതിമർദ്ദവും ഗുരുതരാവസ്ഥയിലേക്ക് പോകുമ്പോൾ ഉണ്ടാകുന്ന ഒരു പ്രധാന മൂർദ്ധന്യാവസ്ഥയാണ് വൃക്കരോഗം. പ്രമേഹവും രക്താതി മർദ്ദവും ഉള്ള രോഗികളിൽ കൃത്യമായ ഇടവേളകളിൽ വൃക്കരോഗങ്ങൾക്കായുള്ള രക്തപരിശോധന നടത്തുകയാണെങ്കിൽ ഈ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും ഗുരുതര സ്ഥിതിയിലേക്ക് പരിണമിക്കുന്നത് തടയുവാനും സാധിക്കും. ഇതിനായുള്ള നിർദ്ദേശം എല്ലാ NCD ക്ലിനിക്കുകൾക്കും നൽകിയിട്ടുണ്ട്. ഡയാലിസിസ് വേണ്ടി വരുന്ന രോഗികൾക്കായി സംസ്ഥാന ആരോഗ്യവകുപ്പിൽ മാത്രമായി 101 ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പ്രതിമാസം 45000-ത്തോളം രോഗികൾക്ക് ഡയാലിസിസ് നടത്തുന്നുണ്ട്. ഇതിനു പുറമേ വീട്ടുകളിൽ വച്ചു തന്നെ ചെയ്യാൻ സാധിക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായും സൗജന്യമായിട്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് രോഗികൾക്ക് നൽകി വരുന്നത്.<br><br>വൃക്ക പരാജയപ്പെടുന്ന അവസ്ഥ (renal failure) ഒഴിവാക്കുന്നതിനായി പ്രമേഹ രോഗികൾക്ക് മെഡിക്കൽ കോളേജിൽ വിദഗ്ധ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു. ജീവിതശൈലി രോഗങ്ങളുടെ ഭാഗമായി വരുന്ന വൃക്ക രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും മെറ്റബോളിക് സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ രോഗികളെ ചികിത്സിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഡയാലിസിസ് സെന്റർ തുടങ്ങിയിട്ടുണ്ട്. വൃക്കരോഗികളുടെ പ്രധാന ചികിത്സാ മാർഗ്ഗമായ ഡയാലിസിസ് (Hemodialysis and peritoneal dialysis) എല്ലാ ജില്ലകളിലും വിവിധ കേന്ദ്രങ്ങളിലായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തിരം സൗജന്യമായി നൽകി വരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം നിലവിലുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വൃക്ക രോഗങ്ങൾ |

| | | | |
|---|---|---|---|
| | | | നിർണ്ണയിക്കുന്നതിനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ